# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2180–18/06/2013 –ലെ മറുപടിക്ക്
## ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . പി. ഉബൈദുള്ള | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന "ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി " വിശദമാക്കാമോ ; | ഉന്നത സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വായ്പയിൽ 2% മുതൽ 3% വരെ പലിശ ഇളവ് നൽകാനുള്ള ഒരു പദ്ധതിയാണ് ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി. പ്രത്യേകിച്ചും കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളിലെ നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വ്യവസായ യൂണിറ്റുകൾ തുടങ്ങുന്ന സംരംഭകർക്ക് സാമ്പത്തിക പിൻബലം നൽകാൻ ഈ പദ്ധതി സഹായകമാകും. ഭക്ഷ്യ സംസ്ക്കരണം, ഐ.ടി, ഫാഷൻ വസ്ത്രങ്ങൾ,കരകൗശലം, ഉപഹാര വസ്തുക്കൾ, കാർഷികോൽപ്പന്ന സംസ്ക്കരണം, മത്സ്യ സംസ്ക്കരണം ഇവയുടെ പാക്കേജിംഗ് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങൾക്കാണ് മുഖ്യമായും ഈ സഹായം നൽകുക. ഇത്തരം സംരംഭങ്ങളുടെ ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് 3% -ഉം ഒരു കോടിയിൽ കൂടുതലുള്ള വായ്പകളിൽ 2% – ഉം പലിശ സബ്സിഡി ലഭ്യമാക്കുന്നതാണ്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംരംഭകരെ ആകർഷിക്കുന്നതിനും സ്വയം തൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിനും കെ.എഫ്.സി. വഴി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | യുവജന സംരംഭകരെ ആകർഷിക്കാൻ യുവജന സംരംഭകർക്കിടയിൽ പ്രചരണം നടത്തുവാനായി കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ 25.05.2013 ന് കോട്ടയത്തും, 28.05.2013 ന് കോഴിക്കോടും, 01.06.2013 ന് എറണാകുളത്തും വച്ച് വ്യവസായ സംരംഭക സംഗമം ബഹു. ധനകാര്യ വകുപ്പു മന്ത്രിയുടെ സാന്നിധ്യത്തിൽ സംഘടിപ്പിച്ചു. കോർപ്പറേഷന്റെ എല്ലാ ശാഖകളിലും ഇത്തരം സംരംഭക സംഗമങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വ രു ന്നു. |

അക്കൗണ്ട്സ് ഓഫീസർ